## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1567 12/06/2019- ൽ മറുപടിയ്ക്ക്

## കാർഷികോല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് പുതിയ പദ്ധതി

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) കാർഷികോല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് പുതിയ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (എ) ഉണ്ട്. പച്ചക്കറി വികസന പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ പഞ്ചായത്ത് തലത്തിൽ 241 ക്ലസ്റ്റർ വിപണികളും ബ്ലോക്ക് തലത്തിൽ 31 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് വിപണികളും പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ വിപണി വികസന പദ്ധതി മുഖേന 400 ഗ്രാമീണ ആഴ്ച ചന്തകളും, 213 എക്കോഷോപ്പുകളും പ്രവർത്തിച്ച് വരുന്നു. പരമ്പരാഗത കൃഷി വികാസ് യോജന പ്രകാരം 214 എക്കോഷോപ്പുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഓണം, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ വിപണിയിൽ വില പിടിച്ച് നിർത്തുന്നതിനായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹോർട്ടീകോർപ്പ്, വി.എഫ്.പി.സി.കെ എന്നീ സർക്കാർ ഏജൻസികളുടെ സഹകരണത്തോടു കൂടി വിപണികൾ പ്രവർത്തിക്കുന്നുണ്ട്.<br>തൃശ്ശൂർ ജില്ലയിൽ 2017-18 മുതൽ നൂതന വിപണന മാർഗ്ഗം അവലംബിച്ച് വരുന്നുണ്ട്. ''കർഷകമിത്ര'' എന്ന സംവിധാനത്തിലൂടെ അധികമുള്ള കാർഷികോൽപ്പന്നങ്ങൾ കർഷകന്റെ വീടുകളിൽ നിന്ന് ശേഖരിച്ച് മറ്റ് വീടുകളിലും വിപണിയിലുമായി വിറ്റഴിക്കുന്നുണ്ട്.<br>ഇതിന് പുറമെ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ 6 കാർഷിക മൊത്ത വ്യാപാര വിപണികളെ കേന്ദ്ര സർക്കാർ പദ്ധതി പ്രകാരമുള്ള ഇ-നാം ( ഇലക്ട്രോണിക് നാഷണൽ അഗ്രികൾച്ചർ മാർക്കറ്റിംഗ് e-NAM) സംവിധാനത്തിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഈ പദ്ധതിയനുസരിച്ച് കാപ്പി, തേയില, നാളികേരം, പൈനാപ്പിൾ , വാഴപ്പഴം, ചക്ക, പൊക്കാളി അരി , ജീരകശാലയരി തുടങ്ങി 40 ഇനം കാർഷികോത്പന്നങ്ങൾ ഓൺലൈൻ |

സംവിധാനത്തിലൂടെ വിറ്റഴിക്കുവാൻ കർഷകരെ സഹായിക്കുവാൻ സാധിക്കുന്നതാണ്. കർഷകർ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ് ഫാർമർ പ്രൊഡ്യൂസർ കമ്പനി, സ്വയം സഹായ സംഘങ്ങൾ എന്നിവർക്ക് ഇ-നാം സംവിധാനത്തിലൂടെ ഉത്പന്നങ്ങൾ വില്പന നടത്തുവാൻ സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**